## നോമ്പു ദിന ചിന്തകൾ
## മുപ്പതാം ദിനം

എപ്പോഴും പ്രാർത്ഥിപ്പിൻ ഇടവിടാതെ പ്രാർത്ഥിപ്പിൻ (1 തെസ്സ 5:17)

പിതാക്കന്മാരുടെ ചിന്തയിൽ പ്രാർത്ഥന ദൈവനാമ കീർത്തനമാണ്. വെളിച്ചമുള്ളിടത്ത് ഇരുട്ടുണ്ടാകാത്തതു പോലെ ദൈവനാമം എപ്പോഴും നമ്മുടെ മനസ്സിലുണ്ടാകുമ്പോൾ സാത്താൻ നമ്മിൽനിന്നകന്നു നിൽക്കും. വെളച്ചത്തിന്റെ അഭാവം ഇരുട്ടിനു വസിക്കുവാൻ കാരണമാകുന്നതുപോലെ ദൈവിക ചിന്തയുടെ അഭാവം സാത്താന്റെ ഇടപെടലിനു കാരണമാകും. തമ്പുരാൻ തന്നെക്കുറിച്ചുതന്നെ ശിഷ്യന്മാരോടു പറയുന്നു ഇനി കുറേക്കാലം മാത്രം വെളിച്ചം നിങ്ങളുടെ കൂടെയിരിക്കും ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ വെളിച്ചുമുള്ളി ടത്തോളം നടന്നുകൊൾവിൻ (യോഹ 12:35). ഗുരുവിന്റെ ശാരീരിക സാന്നിധ്യം തങ്ങളിൽനിന്നകന്നപ്പോൾ അവന്റെ നാമവും അവനെക്കുറിച്ചുള്ള ഓർമ്മയും അവർക്ക് ലോകത്തെ ജയിക്കുവാനുള്ള ആയുധമായി. പ്രാർത്ഥനയിലുറ്റിരിപ്പാൻ നമുക്കു സാധിക്കുകയാണെങ്കിൽ എല്ലാ തിന്മകളിൽ നിന്നും അകന്നു നിൽക്കുവാനും ശത്രുവിനെ ജയിക്കുവാനും നമുക്കു സാധിക്കും.

നിരന്തര പ്രാർത്ഥന സന്യാസിമാർക്കുമാത്രമുള്ളതാണെന്നും സാധാരണ ജനങ്ങൾക്കുള്ളതല്ലെന്നും പറയു ന്നവരോട് ഇഗ്നാത്തി എന്ന റഷ്യൻ പിതാവ് പറയുന്നത് ശ്രദ്ധിക്കൂ. ''എന്റെ സഹയാത്രകരെ ഇടവിടാതെ യുള്ള പ്രാർത്ഥന വൈദികർക്കും സന്യസ്തർക്കും മാത്രമുള്ളതാണെന്ന് നിങ്ങളാരും കരുതരുത്. ഒരിക്കലു മല്ല, എല്ലാ ക്രൈസ്തവനും പ്രാർത്ഥനയിൽ നിലനിൽക്കണം. അതിന് യാതൊരൊഴികഴിവുമില്ല. എല്ലാ ക്രൈസ്തവരും ശ്വാസോഛ്വാസം പോലെ ദൈവത്തിന്റെ നാമം ഉച്ചരിക്കണമെന്ന് ദൈവശാസ്ത്രജ്ഞനായ ഗ്രിഗോറിയോസ് പഠിപ്പിക്കുന്നു. ഇടവിടാതെ പ്രാർത്ഥിക്കണമെന്നപ്പോസ്തോലൻ നമ്മോടു കൽപ്പിച്ചപ്പോൾ നമ്മുടെ മനസ്സുകൊണ്ടുള്ള ആന്തരിക പ്രാർത്ഥനയെയാണ് അദ്ദേഹം ഉദ്ദേശിച്ചത്. ഇത് ആർക്കും അനു വർത്തിക്കാവുന്ന ഒരു പ്രാർത്ഥനയാണ്. നാം ശാരീരികാദ്ധ്വാനങ്ങളിലേർപ്പെടുമ്പോഴും, നടക്കുമ്പോഴും, ഇരി ക്കുമ്പോഴും, കഴിക്കുമ്പോഴും, കുടിക്കുമ്പോഴും നമുക്ക് യഥാർത്ഥവും ദൈവം ആഗ്രഹിക്കുന്നതുമായ ആന്ത രീക പ്രാർത്ഥന നടത്തുന്നതിനു തടസമൊന്നുമില്ല. ദേഹം വേല ചെയ്യുമ്പോൾ ദേഹി പ്രാർത്ഥിക്കട്ടെ. നമ്മുടെ പുറമെയുള്ള മനുഷ്യൻ കായികാദ്ധ്വാനം നടത്തുമ്പോൾ ആന്തരീക മനുഷ്യൻ പൂർണ്ണ സമർപ്പിത മായി ദൈവാരാധന നടത്തട്ടെ അതിന് ഒരിക്കലും വിഘ്നം ഉണ്ടാകാതിരിക്കട്ടെ. (യേശു എന്ന നാമം ഇട വിടാതെ ഉച്ചരിക്കുക എന്നതാണ് പ്രാർത്ഥന കൊണ്ടിവിടെ ഉദ്ദേശിക്കുന്നത്) നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അറയിൽ കയറി വാതിലടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് നിങ്ങൾ പ്രാർത്ഥിക്കുക (മത്ത 6:6) എന്ന് നമ്മുടെ കർത്താവ് പറയുന്നുണ്ടല്ലോ. ശരീരത്തിന്റെ അറ മനസ്സും വാതിലുകൾ ഇന്ദ്രിയങ്ങളുമാണ്. മനസ്സ് അവിടെയുമിവിടെയുമലഞ്ഞു തിരിഞ്ഞു നടക്കാതിരിക്കുമ്പോൾ ആത്മാവ് അറയ്ക്കുള്ളിലായിരിക്കും. ഇന്ദ്രിയങ്ങൾ പുറമേയുള്ള കാര്യങ്ങളിൽ അലയാൻ വിട്ടുകൊടുക്കാതിരിക്കുമ്പോൾ അവയും ഏകാഗ്രമായി രിക്കും. ഇത്തരത്തിൽ നാം ലോകത്തിന്റെ കെട്ടു പാടുകളിൽ നിന്നകന്നിരിക്കും അപ്പോൾ ആന്തരീക പ്രാർത്ഥന നടത്താൻ നമുക്ക് സാധിക്കും'' (ദി ആർട്ട് ഓഫ് പ്രയർ ആൻ ഓർത്തഡോക്സ് ആന്തോളജി പേജ് 87). ഈ നിരന്തരമായ യേശുനാമ പ്രാർത്ഥന നമ്മേ ദൈവത്തോടടുപ്പിക്കുകയും ലോകത്തിൽ നിന്നകറ്റുകയും ചെയ്യും. അത് നമ്മേ വിശുദ്ധിയുടെ പടവുകൾ കയറ്റുവാൻ സഹായിക്കും.

ഫാ. എസ്. കെ. ജെ.